**<u>ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ –</u>**

**<u>പ്രത്യേക കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി – 2024</u>**

Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in

RCS/4938/2024/AEL-(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 07.06.2024

**<u>സർക്കുലർ നമ്പർ : 18/2024</u>**

വിഷയം :- സഹകരണ വകുപ്പ് - 2024 മാർച്ച് 31- ന് ബാക്കിനിൽപ്പുള്ള **ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് വേണ്ടി കർമ്മപദ്ധതിയുടെ ഭാഗമായുള്ള പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി** – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

കോവിഡ് - 19 മഹാമാരിയും അതിനെ തുടർന്നുള്ള ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ കാരണവും തൊഴിൽ നഷ്ടത്താലും, ആരോഗ്യ കാരണങ്ങളാലും ജനജീവിതം ദു:സ്സഹമായിരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ / ബാങ്കുകളിൽ നിന്നും വായ്പയെടുത്ത സഹകാരികൾക്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന അവസ്ഥ നിലനിൽക്കുകയും ആയത് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ / ബാങ്കുകളിലെ കുടിശ്ശിക / നിഷ്ക്രിയ ആസ്തി വർദ്ധിക്കുന്നതിനും സംഘങ്ങൾ / ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനും കാരണമായിരുന്നു. ടി സാഹചര്യം ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാക്കുകയും ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളുടെ ബാക്കി നിൽപ്പിൽ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ / ബാങ്കുകളിൽ നിന്നും വായ്പയെടുത്തവർക്ക് നവകേരളീയം കുടിശ്ശിക

നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇളവുകളോടെ വായ്പാതുക തിരിച്ചടക്കുന്നതിനുള്ള അവസരം കാലാകാലങ്ങളിൽ സഹകരണ വകുപ്പ് നൽകി വരാറുണ്ട്. 2024 വർഷത്തിലും നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി യിരുന്നു. എന്നിരുന്നാലും ടി അവസരങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്താതെ കുടിശ്ശിക വർദ്ധിച്ചു വരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിന്മേൽ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് തീർപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

മേൽ സാഹചര്യത്തിൽ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾക്ക് മുന്നോടിയായി ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ട വായ്പാക്കാർക്ക് മാത്രമായി ഇളവുകളോടെ വായ്പാതുക തിരിച്ചടക്കുന്നതിന് ഒരവസരം നൽകുക എന്ന ഉദ്ദേശത്തോടെയും, പ്രാഥമിക സഹകരണ സംഘങ്ങൾ /ബാങ്കുകളുടെ കുടിശ്ശിക കുറച്ച്, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ / ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളായി മാറ്റി നിക്ഷേപകർക്ക് അവരുടെ നിക്ഷേപ തുക തിരികെ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയും സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ നിയമം വകുപ്പ് 66 (A), 74 (F) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 2024 മാർച്ച് 31 - ലെ ബാക്കിനിൽപ്പിലെ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽപ്പെട്ട വായ്പാക്കാർക്ക് മാത്രമായി ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പിലാക്കുന്നു.

**ആർബിട്രേഷൻ, എക്സിക്യൂഷൻ - പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി – 2024**

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും. കരുതൽവെയ്ക്കേണ്ടി വന്നതും പ്രാഥമിക സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടത്തിന് ഇടയാക്കുന്നതുമായ കുടിശ്ശിക/നിഷ്ക്രിയ ആസ്തിയായി 2024 മാർച്ച് 31 – ന് ബാക്കി നിൽപ്പുള്ള എല്ലാ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ട കുടിശ്ശികയായ എല്ലാ വായ്പകളും ഒറ്റത്തവണയായി അടച്ച് തീർക്കുന്നതിനും ഇതിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക പരമാവധി കുറച്ച് സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ആശ്വാസം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പദ്ധതിയുടെ കാലാവധി 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ ആയിരിക്കും.

2. സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസിംഗ് സഹകരണ സംഘങ്ങൾ, സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ ഒഴികെ സഹകരണ സംഘം രജിസ്ട്രാറിന് കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്കാണ് ഈ പദ്ധതി ബാധകമാവുക. സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസ് ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾ, സംസ്ഥാന/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയ്ക്ക് ഈ കാലയളവിൽ അവരുടെ 31.03.2024– ന് തീർപ്പാക്കാൻ ബാക്കി നിൽപ്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കുന്നതിനുള്ള പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്. അതാത് മേഖലയിലെ ആർബിട്രേഷൻ, എക്സിക്യൂഷൻ

കേസുകളിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും ഗുണകരവുമായ ഒരു പദ്ധതി ആവിഷ്കരിച്ച് ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

3. 2024 മാർച്ച് 31 – ന് തീർപ്പാക്കാൻ ബാക്കി നിൽപ്പുള്ള എല്ലാ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളും ടി പദ്ധതി പ്രകാരം ഒറ്റത്തവണ തീർപ്പാക്കലിനായി പരിഗണിക്കാവുന്നതാണ്.

4. സർക്കുലർ മാർഗ്ഗനിർദ്ദേശ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുമ്പോൾ സംഘത്തിന്റെ/ ബാങ്കിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുക്കേണ്ടതാണ്.

5. 2024 മാർച്ച് 31 – ന് തീർപ്പാക്കാൻ ബാക്കി നിൽക്കുന്ന ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ട എല്ലാ വായ്പാക്കാർക്കും നിർബ്ബന്ധമായും ടി പദ്ധതി സംബന്ധിച്ച അറിയിപ്പ് യഥാസമയം നൽകേണ്ടതും, പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് കേസുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെയുള്ള കാലയളവിൽ മാത്രമായിരിക്കും അനുവദിക്കേണ്ടത്. ടി വിവരം വായ്പാക്കാരനെ അദാലത്തിൽ പ്രത്യേകം ധരിപ്പിക്കേണ്ടതാണ്.

7. വായ്പാക്കാരന്റെ നിലവിലെ സാഹചര്യം, സാമ്പത്തിക സ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ ഭരണ സമിതി വിലയിരുത്തി ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പാക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച്

ധാരണയിലാകുകയും ടി ധാരണ പ്രകാരം വായ്പാ തിരിച്ചടവിന് അവസരം നൽകേണ്ടതുമാണ്.

8. ഈ പദ്ധതി പ്രകാരം സാധാരണ പലിശ നിരക്കിലാണ് പലിശ കണക്കാക്കേണ്ടത്. പിഴപലിശ പൂർണ്ണമായും ഒഴിവാക്കേണ്ടതുമാണ്.

9. സ്വർണ്ണ പണയ വായ്പ, നിക്ഷേപത്തിന്മേലുള്ള വായ്പ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

10. ആർബിട്രേഷൻ / എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ, പരസ്യ ചെലവുകൾ എന്നിവ ഈടാക്കാവുന്നതാണ്. രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പകളിൽ ആർബിട്രേഷൻ / എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ / പരസ്യ ചെലവുകൾ എന്നിവ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് സംഘം ഭരണ സമിതിക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

11. തുടർ നിയമനടപടികൾ കൂടാതെ ഇളവുകളോടെ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കുന്നതിന് 2024 ജൂലായ് 31 വരെ ടി പദ്ധതി പ്രകാരം അവസരം ലഭിക്കുന്നുവെന്ന അവബോധം വായ്പാക്കാരിലുണ്ടാകുന്നതിനുള്ള പ്രചരണം സംഘം/ താലൂക്ക്/ ജില്ലാ തലത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. ടി പദ്ധതിയെ സംബന്ധിച്ച് പ്രാദേശികമായി വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ആകർഷകമായ പോസ്റ്ററുകൾ അച്ചടിപ്പിക്കാവുന്നതും ബാനറുകൾ, പരസ്യങ്ങൾ, നോട്ടീസുകൾ എന്നിവ പ്രദർശിപ്പിക്കാവുന്നതും, ഉച്ചഭാഷിണി, പ്രാദേശിക

കേബിൾ ടി വി, മാധ്യമങ്ങൾ, പത്രമാധ്യമങ്ങൾ എന്നിവ മുഖേന ചെലവു കുറഞ്ഞ പരസ്യങ്ങൾ ചെയ്യാവുന്നതുമാണ്.

**13.** ഈ പദ്ധതിയുടെ ഭാഗമായി അദാലത്ത് സംഘടിപ്പിക്കേണ്ടതും ആയതിന്റെ വിവരവും വായ്പ ബാധ്യതയും, അദാലത്ത് നടത്തുന്ന തീയതി, സ്ഥലം, സമയം എന്നിവ സംബന്ധിച്ച് 31.03.2024- ന് ബാക്കി നിൽപ്പുള്ള എല്ലാ ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ട വായ്പക്കാർക്ക് നേരിട്ടോ തപാൽ മുഖേനയോ അറിയിപ്പ് നൽകേണ്ടതാണ്.

14. പദ്ധതി പ്രകാരം 2024 മാർച്ച് 31 വരെ കുടിശ്ശിക തീർപ്പാക്കാൻ ബാക്കി നിൽപ്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ വായ്പകളിൽ ഉൾപ്പെട്ട വായ്പക്കാർക്ക് ചുവടെ പറയുന്ന പട്ടിക പ്രകാരമുള്ള പലിശ ഇളവുകളോടെ കുടിശ്ശിക വായ്പാതുക ഒറ്റത്തവണയായി അടച്ച് തീർക്കുന്നതിനുള്ള അവസരം ലഭിക്കുന്നു.

## സ്കീം പലിശയിൽ ഇളവുകൾ സംബന്ധിച്ച പട്ടിക

| വായ്പ മുതൽ തുക | 50, 000 വരെ | | | 50,000 മുകളിൽ 1 ലക്ഷം വരെ | | | 1 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ | | | 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ | | | 10 ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ | | | 25 ലക്ഷത്തിനു മുകളിൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആർബിട്രേഷൻ എക്സിക്യൂഷൻ കേസിന്റെ / കാലപ്പഴക്കം | സാധാരണ ഇളവ് | കാലപ്പഴക്കം പരിഗണിച്ച് അധിക ഇളവ് | ആകെ | സാധാരണ ഇളവ് | കാലപ്പഴക്കം പരിഗണിച്ച് അധിക ഇളവ് | ആകെ | സാധാരണ ഇളവ് | കാലപ്പഴക്കം പരിഗണിച്ച് അധിക ഇളവ് | ആകെ | സാധാരണ ഇളവ് | കാലപ്പഴക്കം പരിഗണിച്ച് അധിക ഇളവ് | ആകെ | സാധാരണ ഇളവ് | കാലപ്പഴക്കം പരിഗണിച്ച് അധിക ഇളവ് | ആകെ | സാധാരണ ഇളവ് | കാലപ്പഴക്കം പരിഗണിച്ച് അധിക ഇളവ് | ആകെ |
| 2 വർഷത്തിൽ താഴെ | 40% | 5% | 45% | 30% | 5% | 35% | 25% | 5% | 30% | 20% | 5% | 25% | 15% | 5% | 20% | 10% | 5% | 15% |
| 2 വർഷം മുതൽ 5 വർഷം വരെ | 40% | 10% | 50% | 30% | 10% | 40% | 25% | 10% | 35% | 20% | 10% | 30% | 15% | 10% | 25% | 10% | 10% | 20% |
| 5 വർഷത്തിന് മുകളിൽ 10 വർഷം വരെ | 40% | 15% | 55% | 30% | 15% | 45% | 25% | 15% | 40% | 20% | 15% | 35% | 15% | 15% | 30% | 10% | 15% | 25% |
| 10 വർഷത്തിന് മുകളിൽ | 40% | 20% | 60% | 30% | 20% | 50% | 25% | 20% | 45% | 20% | 20% | 40% | 15% | 20% | 35% | 10% | 20% | 30% |

15. ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഗുരുതരമായ ഹൃദയ സംബന്ധ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ചികിത്സിച്ച് മാറ്റാൻ കഴിയാത്ത മാനസിക രോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ടി രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ (കുടുംബം എന്നാൽ ഭാര്യ, ഭർത്താവ്, മക്കൾ, അച്ഛൻ, അമ്മ) അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയവരുടെ വായ്പകൾ ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് ക്രമ നമ്പർ (14) പ്രകാരമുള്ള ഇളവുകൾക്ക് പുറമേ പരമാവധി ചുവടെ പറയും പ്രകാരം പലിശയിൽ അധിക ഇളവ് അനുവദിക്കാവുന്നതാണ്.

| 50000 വരെ | 50000 മുകളിൽ 1 ലക്ഷം വരെ | 1 ലക്ഷത്തിനു മുകളിൽ 5 ലക്ഷം വരെ | 5 ലക്ഷത്തിനു മുകളിൽ 10 ലക്ഷം വരെ | 10 ലക്ഷത്തിനു മുകളിൽ 25 ലക്ഷം വരെ | 25 ലക്ഷത്തിന് മുകളിൽ |
|---|---|---|---|---|---|
| 15% | 12% | 10% | 5% | 3% | 2% |

16. ടി പദ്ധതി പ്രകാരം ഇളവ് അനുവദിക്കുന്നതിന് സംഘം തലം, താലൂക്ക് തലം, ജില്ലാ തലം എന്നിങ്ങനെ ചുവടെ പറയും പ്രകാരം കമ്മിറ്റികൾ രൂപികരിക്കേണ്ടതാണ്.

## കമ്മിറ്റികൾ

| | | |
|---|---|---|
| **സംഘംതലത്തിൽ** | | |
| 1 | അതാത് സംഘം / ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |
| 2 | എല്ലാ ഭരണസമിതി അംഗങ്ങളും | അംഗങ്ങൾ |
| 3 | യൂണിറ്റ് ഇൻസ്പെക്ടർ | അംഗം |
| 4 | സംഘം ആഡിറ്റർ | അംഗം |
| 5 | എ &ഇ ഇൻസ്പെക്ടർ/ സെയിൽ ആഫീസർ | അംഗം |
| 6 | ജീവനക്കാരുടെ ഒരു പ്രതിനിധി | അംഗം |
| 7 | പഞ്ചായത്ത് പ്രസിഡന്റ് / വാർഡ് കൗൺസിലർ | അംഗം |
| 8 | ചീഫ് എക്സിക്യൂട്ടീവ് / സെക്രട്ടറി | കൺവീനർ |
| **താലൂക്ക് തലത്തിൽ** | | |
| 1 | ചെയർമാൻ സർക്കിൾ സഹകരണ യൂണിയൻ | ചെയർമാൻ |
| 3 | പി.എ.സി.എസ് അസോസിയേഷൻ പ്രതിനിധി | അംഗം |
| 4 | അർബൻ ബാങ്ക് പ്രസിഡന്റ് | അംഗം |
| | ജോയിന്റ് രജിസ്ട്രാർ നോമിനേറ്റ് ചെയ്യുന്ന 5 സർവ്വീസ് സഹകരണ ബാങ്ക്/എംപ്ലായീസ്/മറ്റ് വായ്പാ സംഘം പ്രസിഡന്റ്മാർ | അംഗം |
| 5 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / പ്രതിനിധി | അംഗം |
| 6 | കോർപ്പറേഷൻ കൗൺസിലർ | അംഗം |
| 7 | പഞ്ചായത്ത് പ്രസിഡന്റ് / പ്രതിനിധി | അംഗം |
| 8 | ജീവനക്കാരുടെ 3 പ്രതിനിധിയെ അതാതു അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ അതാതു താലൂക്ക് തല പ്രതിനിധികളായി നിശ്ചയിക്കേണ്ടതാണ് | അംഗങ്ങൾ |
| 9 | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |
| 10 | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) | ജോയിന്റ് കൺവീനർ |
| **ജില്ലാ തലത്തിൽ** | | |
| | | |
| 1 | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | ചെയർമാൻ |
| 2 | ചെയർമാൻമാർ സർക്കിൾ സഹകരണ യൂണിയൻ | അംഗങ്ങൾ |

| | | |
|---|---|---|
| 3 | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് / സെക്രട്ടറി | അംഗം |
| 4 | ജില്ലാ അർബൻ ബാങ്ക് പ്രസിഡന്റുമാരും | അംഗങ്ങൾ |
| 5 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / പ്രതിനിധി | അംഗം |
| 6 | കോർപ്പറേഷൻ കൗൺസിലർ | അംഗം |
| 7 | പ്രാഥമിക സഹകരണ സംഘം സെക്രട്ടറീസ് അസോസിയേഷൻ പ്രസിഡന്റ് / സെക്രട്ടറി | അംഗം |
| 8 | ജീവനക്കാരുടെ 3 പ്രതിനിധികളെ അതാതു ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ അതാതു ജില്ലാതല പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ് | അംഗം |
| 9 | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) | കൺവീനർ |
| 10 | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് | ജോയിന്റ് കൺവീനർ |

17. 50,000 രൂപ മുതൽ 5 ലക്ഷം രൂപവരെയുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ട വായ്പാക്കാർക്ക് ടി പദ്ധതി പ്രകാരം അനുവദിക്കേണ്ട ക്രമ നമ്പർ (14) പ്രകാരമുള്ള ഇളവും, ക്രമ നമ്പർ (15) പ്രകാരമുള്ള അധിക ഇളവും അനുവദിക്കുന്നതിന് സംഘം തല കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.
18. 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം രൂപവരെയുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ട വായ്പാക്കാർക്ക് ടി പദ്ധതി പ്രകാരം അനുവദിക്കേണ്ട ക്രമ നമ്പർ (14) പ്രകാരമുള്ള ഇളവും, ക്രമ നമ്പർ (15) പ്രകാരമുള്ള അധിക ഇളവും അനുവദിക്കുന്നതിന് താലൂക്ക് തല കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.
19. 10 ലക്ഷത്തിന് മുകളിലുള്ള എല്ലാ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ട വായ്പാക്കാർക്കും ടി പദ്ധതി പ്രകാരം അനുവദിക്കേണ്ട ക്രമ നമ്പർ (14) പ്രകാരമുള്ള ഇളവും, ക്രമ നമ്പർ (15) പ്രകാരമുള്ള അധിക ഇളവും അനുവദിക്കുന്നതിന് ജില്ലാ തല കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.
20. മേൽ പറഞ്ഞ പ്രകാരം തുക അടയ്ക്കുന്ന മുറയ്ക്ക് ഫയലിൽ നടപടികൾ അവസാനിപ്പിക്കേണ്ടതും ഇതു സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

21. ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് ബന്ധപ്പെട്ട സെയിൽ ആഫീസർ/ എ ആന്റ് ഇ ഇൻസ്പെക്ടർ എന്നിവരുടെ ചുമതലയാണ്. ഏതെങ്കിലും കാരണവശാൽ ഫയലുകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് പിന്നീട് ശ്രദ്ധയിൽപെടുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

22. ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിലേയ്ക്കായി ആവശ്യമായ അദാലത്തുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തേണ്ടതാണ്.

23. ക്രമ നമ്പർ (15) പ്രകാരമുള്ള അധിക ഇളവ് ടി പദ്ധതി പ്രകാരം ലഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ / സ്ഥാപനങ്ങളുടെ സാക്ഷ്യപത്രങ്ങൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട കേസുകളിൽ മരണ സർട്ടിഫിക്കറ്റും, മാരക രോഗങ്ങൾ ബാധിച്ച കേസുകളിൽ ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നും നൽകുന്ന സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

**24.** ബന്ധപ്പെട്ട കമ്മിറ്റികൾ നിശ്ചയിച്ച തീയതിക്ക് മുമ്പായി വായ്പാകണക്ക് പൂർണ്ണമായി അവസാനിപ്പിക്കുന്നവർക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്.

**25.** മുമ്പ് വായ്പയിൽ അടച്ച മുതലോ, പലിശയോ യാതൊരു കാരണവശാലും കണക്കിലെടുക്കേണ്ടതോ, പുനഃപരിശോധിക്കേണ്ടതോ ഇല്ല. ബാക്കി നിൽക്കുന്ന മുതലിൽ ആണ് പലിശ കണക്കാക്കേണ്ടത്.

26. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ സംഘം / ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവരും അസിസ്റ്റന്റ് രജിസ്ട്രാർ / യൂണിറ്റ് ഇൻസ്പെക്ടർ, ആഡിറ്റർ, എ & ഇ ഇൻസ്പെക്ടർ / സ്പെഷ്യൽ സെയിൽ ആഫീസർ തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കേണ്ടതും, വായ്പാക്കാരുടെ സ്ഥിതി ബോധ്യപ്പെട്ടും വായ്പയുടെ തരംതിരിവ്, കാലാവധി, വായ്പയ്ക്ക് ആഡിറ്റിൽ വെച്ചിട്ടുള്ള കരുതൽ എന്നിവ കണക്കിലെടുത്തും, ഇളവ് അനുവദിക്കുന്നതിനുള്ള വ്യക്തമായ കാരണം രേഖപ്പെടുത്തി വായ്പയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

**27.** പദ്ധതിയുടെ 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെയുള്ള പുരോഗതി സംബന്ധിച്ച വിവരം, സംഘം തലം, താലൂക്ക് തലം, ജില്ലാ തലം എന്നിങ്ങനെ നിശ്ചിത പ്രൊഫോർമ പ്രകാരം ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും, പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ 31.03.2024- ന്റെ ബാക്കി നിൽപ്പിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രൊഫോർമ പ്രകാരം aelrecs2018@gmail.com എന്ന ഇ-മെയിൽ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

**28.** ടി പദ്ധതി നടപ്പിലാക്കുന്നതിന് ക്രമ നമ്പർ (16) പ്രകാരം കമ്മിറ്റികൾ രൂപീകരിക്കേണ്ടതും, ബഹുമാനപ്പെട്ട നിയമസഭാ അംഗങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരെ ടി പദ്ധതി സംബന്ധിച്ച കാര്യങ്ങൾ യഥാസമയം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ അറിയിക്കേണ്ടതാണ്. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, സംഘങ്ങൾ / ബാങ്കുകളുടെ പ്രസിഡന്റ് / സെക്രട്ടറിമാർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത്, ആർബിട്രേഷൻ, എക്സിക്യൂഷൻ കുടിശ്ശിക നിലവാരം വിലയിരുത്തുകയും, ടി പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദീകരിക്കുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

**29.** അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ, സർക്കിൾ യൂണിയൻ ചെയർമാൻ, താലൂക്കിലെ വായ്പാ സംഘങ്ങൾ / ബാങ്കുകളുടെ പ്രസിഡന്റ് / സെക്രട്ടറിമാർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം കൂടി ഓരോ സംഘത്തിന്റെയും ആർബിട്രേഷൻ, എക്സിക്യൂഷൻ കുടിശ്ശിക നിലവാരം വിലയിരുത്തുകയും, സംഘം / ബാങ്ക് തലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നത് ഉൾപ്പെടെയുള്ള രൂപരേഖ തയ്യാറാക്കി ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതും, അദാലത്തിലേയ്ക്ക് വകുപ്പ് ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കേണ്ടതുമാണ്.

30. ടി പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സംഘം / ബാങ്കും ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നോഡൽ ആഫീസറായി ചുമതലപ്പെടുത്തേണ്ടതും, ടിയാനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ കുടിശ്ശികകാർക്കുള്ള നോട്ടീസിൽ കാണിക്കേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എല്ലാ ജോലികളും, വായ്പാക്കാർക്ക് നോട്ടീസ് അയയ്ക്കുന്നത് ഉൾപ്പെടെ നോഡൽ ആഫീസർ ഉറപ്പുവരുത്തേണ്ടതും, നോഡൽ ആഫീസറുടെ ജോലി ബന്ധപ്പെട്ട ഭരണസമിതി വിലയിരുത്തേണ്ടതുമാണ്. അർഹനായ ഒരു വ്യക്തിക്കോ / കുടുംബത്തിനോ അവസരം നഷ്ടമാകില്ല എന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ജാഗ്രത പുലർത്തേണ്ടതുമാണ്.

31. ഓരോ സംഘത്തിന്റെയും യൂണിറ്റ് ഇൻസ്പെക്ടർക്കായിരിക്കും ടി പദ്ധതിയുടെ സംഘംതല മോണിറ്ററിംഗ് നടത്തുന്നതിനുള്ള ചുമതല. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ആഫീസർമാർ ഇക്കാര്യം പരിശോധിക്കേണ്ടതാണ്. അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ആഫീസർമാരെ പ്രത്യേകം നിയമിക്കാത്ത പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ ചുമതലയുള്ള അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ആഫീസർക്കൊപ്പം ബന്ധപ്പെട്ട സ്പെഷ്യൽ സെയിൽ ആഫീസർക്ക് കൂടി ഇതിന്റെ ചുമതല നൽകേണ്ടതാണ്.

32. ജില്ലാതല പ്രവർത്തനം ഫലവത്തായി ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല (നോഡൽ ആഫീസർ) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ആയിരിക്കും.

33. സംസ്ഥാനതലത്തിൽ ഈ പദ്ധതി സംബന്ധിച്ച കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ

ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) സംസ്ഥാന തല നോഡൽ ആഫീസറും ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്), ഡെപ്യൂട്ടി നോഡൽ ആഫീസറും ആയിരിക്കും.

**34.** ഓരോ സഹകരണ സംഘവും ടി പദ്ധതി പ്രകാരം നൽകുന്ന ഇളവുകൾ അനുബന്ധം (എ) യിലെ മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ അവലോകനം നടത്തുന്നതിനും മറ്റും ഇത് സഹായകരമാകുമെന്നതിനാൽ സർവ്വീസ് സഹകരണ ബാങ്ക് / സംഘങ്ങൾ എന്നിവയുടെ ഹെഡ് ആഫീസിലും, ശാഖകളിലും ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതിന് അതാതു ബാങ്കുകൾ നിർദ്ദേശം നൽകേണ്ടതാണ്.

**35.** ടി പദ്ധതി പ്രകാരം ആർബിട്രേഷൻ കേസുകൾ തീർപ്പാക്കിയത് സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (കേരള ബാങ്ക് വിവരം ഒഴികെ) പ്രൊഫോർമ - 1 പ്രകാരവും, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കിയത് സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (കേരള ബാങ്ക് വിവരം ഒഴികെ) പ്രൊഫോർമ - 2 പ്രകാരവും സഹകരണ സംഘം രജിസ്ട്രാർക്ക് തപാലിലും 10.08.2024 - നകം aelrcs2018@gmail.com എന്ന ഇ-മെയിൽ മുഖാന്തിരവും സമർപ്പിക്കേണ്ടതാണ്. നിശ്ചിത പ്രൊഫോർമകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

**36.** മേൽ പ്രകാരമുള്ള നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കുന്ന വിവരങ്ങളിൽ താലൂക്ക് തലത്തിൽ ഉള്ള പുരോഗതി വിവരം അതാത് താലൂക്ക് തലത്തിലും ക്രോഡീകരിച്ച് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

(ഒപ്പ്)
സുഭാഷ് റ്റി.വി ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്:-</u>

1. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും, എല്ലാസഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്)മാർക്കും.
3. പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
6. ചെയർമാൻ/ മാനേജിംഗ് ഡയറക്ടർ,കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
7. ജനറൽ മാനേജർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്
8. ജോയിന്റ് ഡയറക്ടർ / കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക് / കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ.
9. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ
10. പ്രസിഡന്റ് / സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
11. പ്രസിഡന്റ് / സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം.
12. എല്ലാ അസിസ്റ്റന്റ്രജിസ്ട്രാർ (ജനറൽ) / വാല്യുവേഷൻആഫീസർക്കും.
13. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
14. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും / ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
15. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും / സെക്ഷനുകൾക്കും
16. രജിസ്ട്രാറുടെ മേശപ്പുറത്ത്.
17. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
18. വെബ് സൈറ്റ്.
19. സ്റ്റോക്ക് ഫയൽ
20. സ്പെയർ.

// നിർദ്ദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി)

## അനുബന്ധം – എ

.....................................................സഹകരണസംഘം/ബാങ്ക് ക്ലിപ്തം നം.............

### ആർബിട്രേഷൻ, എക്സിക്യൂഷൻ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ആർബിട്രേഷൻ കേസ് നമ്പർ , വർഷം | | എക്സിക്യൂഷൻ ഫയൽ നമ്പർ, വർഷം | |
|---|---|---|---|
| | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | വായ്പക്കാരന്റെ പേര് | | | | | | |
| 2 | വായ്പ നമ്പർ | | | | | | |
| 3 | വായ്പ തീയതി | | | | | | |
| 4 | വായ്പ തുക | | | | | | |
| 5 | **വായ്പയെടുത്ത തീയതി മുതൽ നാളിതുവരെ അടച്ച തുക** | | | | | | |
| | മുതൽ | പലിശ | പിഴപ്പലിശ | മറ്റിനം | ആകെ | | |
| | | | | | | | |
| 6 | **കുടിശ്ശിക** | | | | | | |
| | മുതൽ | പലിശ | പിഴപ്പലിശ | മറ്റിനം | ആകെ | | |
| | | | | | | | |
| 7 | **31.03.2024- ലെ ബാക്കി നിൽപ്പ്** | | | | | | |
| | മുതൽ | പലിശ | എ.ആർ.സി. | എക്സിക്യൂഷൻ ഫീസ് | എക്സിക്യൂഷൻ ഫീസ് | പരസ്യ ചെലവുകൾ | ആകെ |
| | | | | | | | |
| 8 | **ആർബിട്രേഷൻ / എക്സിക്യൂഷൻ പദ്ധതി പ്രകാരം ഇളവനുവദിച്ചത്** | | | | | | |
| | മുതൽ | പലിശ | പിഴപ്പലിശ | നോട്ടീസ് ചാർജ്ജ് | കേസ് ചിലവ് | മറ്റിനം | ആകെ |
| | | | | | | | |
| 9 | **അടച്ച തുക** | | | | | | |
| | മുതൽ | പലിശ | മറ്റിനം | ആകെ | | | |
| | | | | | | | |
| 10 | **ഇളവ് അനുവദിച്ച കമ്മിറ്റിയുടെ തീരുമാന തീയതി** | | | | | | |
| | സംഘം തലം കമ്മിറ്റി തീയതി | താലൂക്ക് തലം കമ്മിറ്റി തീയതി | ജില്ലാ തലം കമ്മിറ്റി തീയതി | | | | |
| | | | | | | | |

സ്ഥലം :

തീയതി :

സെക്രട്ടറി

| ആർബിട്രേഷൻ സംബന്ധിച്ച വിവരം | | | | | | |
|---|---|---|---|---|---|---|
| ആഫീസ് | 31.03.2024-ലെ ബാക്കി നിൽപ്പ് | | 15.06.2024 മുതൽ 31.07.2024 വരെ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കിയത് | | 31.07.2024 - ലെ ബാക്കി നിൽപ്പ് | |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| ജെ.ആർ ആഫീസ് | | | | | | |
| താലൂക്ക് -1 | | | | | | |
| താലൂക്ക് -2 | | | | | | |
| താലൂക്ക് -3 | | | | | | |
| താലൂക്ക് -4 | | | | | | |
| താലൂക്ക് -5 etc | | | | | | |
| ആകെ | | | | | | |

**ജോയിന്റ് രജിസ്ട്രാർ (ജനറൽ)**

**എക്സിക്യൂഷൻ സംബന്ധിച്ച വിവരം**

| ആഫീസ് | 31.03.2024-ലെ ബാക്കി നിൽപ്പ് | | 15.06.2024 മുതൽ 31.07.2024 വരെ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കിയത് | | 31.07.2024 - ലെ ബാക്കി നിൽപ്പ് | |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| ജെ.ആർ ആഫീസ് | | | | | | |
| താലൂക്ക് -1 | | | | | | |
| താലൂക്ക് -2 | | | | | | |
| താലൂക്ക് -3 | | | | | | |
| താലൂക്ക് -4 | | | | | | |
| താലൂക്ക് -5 etc | | | | | | |
| ആകെ | | | | | | |

ജോയിന്റ് രജിസ്ട്രാർ (ജനറൽ)